**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2168** **12-02-2024 - ൽ മറുപടിയ്ക്ക്**

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പോലീസ് എയിഡ് പോസ്റ്റ് പുനഃസ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയോട് ചേർന്ന് നിലനിന്നിരുന്ന പോലീസ് എയിഡ് പോസ്റ്റ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ; | (എ) | വൈക്കം താലൂക്കാശുപത്രിയുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേകമായ പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചിരുന്നില്ല. എന്നാൽ അവശ്യഘട്ടങ്ങളിലെല്ലാം മതിയായ സുരക്ഷ ഒരുക്കുന്നതിന് പോലീസിനെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു വരുന്നുണ്ട്. |
| (ബി) | കൊലപാതകമടക്കം നിരവധി ക്രിമിനൽ ആക്രമണങ്ങൾ സർക്കാർ ആശുപത്രി ജീവനക്കാർക്കെതിരെ തുടർച്ചയായി ഉണ്ടായി വരുന്ന സാഹചര്യത്തിൽ പ്രസ്തുത എയിഡ് പോസ്റ്റ് പുന:സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | വൈക്കം പോലീസ് സ്റ്റേഷനിലെ രണ്ട് പട്രോളിംഗ് വാഹനങ്ങളും ഒരു ബൈക്കും നിരന്തരം പട്രോളിംഗ് നടത്തി വരുന്നു. ആശുപത്രിയിൽ പട്ടാ ബുക്ക് സ്ഥാപിച്ച് രാത്രിയും പകലും പോലീസ് ഉദ്യോഗസ്ഥരുടെ ബീറ്റ് ഉറപ്പാക്കുന്നുണ്ട്.<br>ഏത് അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് ബന്ധപ്പെടുന്നതിന് ആശുപത്രിയുടെ വിവിധ ഭാഗങ്ങളിൽ പോലീസ് ടെലിഫോൺ നമ്പറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>വിവിധ ഭാഗങ്ങളിലായി 52 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വൈക്കം താലൂക്കാശുപത്രിയിൽ പ്രത്യേക എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ